

# രാജാകേശവദാസ് എൻ.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

# രാജാകേശവദാസ് എൻ.എസ്.എസ്.
# ഹയർ സെക്കൻഡറി സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

വിദ്യാഭ്യാസ ജില്ല : തിരുവനന്തപുരം

ഉപ ജില്ല : തിരുവനന്തപുരം സൗത്ത്

# ഉള്ളടക്കം

ആമുഖം

വിദ്യാലയ കാഴ്ചപ്പാട്

പൊതുലക്ഷ്യങ്ങൾ

## സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

മലയാളം

ഇംഗ്ലീഷ്

ഹിന്ദി

സോഷ്യൽസയൻസ്

സയൻസ്

ഗണിതം

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ എൻ എസ്.എസ്. മാനേജ്മെന്റിന്റെ കീഴിലുള്ള രാജാകേശവദാസ് എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ 1940-ൽ സ്ഥാപിതമായി. ശാസ്തമംഗലത്ത് ഒരു സ്കൂൾ ആരംഭിക്കുക എന്ന ആശയവുമായി ശ്രീ. ആറമ്പിൽ എം.ജി. കൃഷ്ണനുണ്ണിത്താൻ, തിരുകൊച്ചി സംസ്ഥാന സെക്രട്ടറിയേറ്റിലെ ലാന്റ് കമ്മീഷണർ ശ്രീ സി.പി. ഗോപാല പണിക്കർ, റാവു ബഹാദൂർ, ഡോക്ടർ കെ. രാമൻ തമ്പി തുടങ്ങിയവർ രംഗത്തു വരുകയുണ്ടായി. ശ്രീ. കെ. രാമൻ തമ്പി മാനേജരായും ശ്രീ. ഉണ്ണിത്താൻ പ്രഥമാധ്യാപകനായും ആ മഹാസംരംഭത്തിന് തുടക്കം കുറിച്ചു.

തിരുവിതാംകൂർ രാജ്യത്തിന്റെ ഉത്കർഷത്തിനുവേണ്ടി നിരന്തരം പ്രവർത്തിച്ചിരുന്ന ഒരു ഉത്തമരാജ്യസ്നേഹിയായ ദിവാൻ രാജാകേശവദാസിന്റെ പാവനസ്മരണയെ നിലനിറുത്തുന്നതിനുവേണ്ടി ആ നാമധേയം ഈ സരസ്വതീക്ഷേത്രം നിലനിർത്തുന്നു.

1950-ൽ നായർ സർവ്വീസ് സൊസൈറ്റി സ്ഥാപകനായ ശ്രീ. മന്നത്തു പത്മനാഭൻ ഈ വിദ്യാലയത്തിന്റെ ഭരണച്ചുമതല ഏറ്റെടുത്തു. ആദ്യം പ്രൈമറി സ്കൂളും പിന്നീട് ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ 1997 ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും 1998-ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ശ്രീ. കെ.ആർ നാരായണൻ നായർ ആദ്യ ഹെഡ്മാസ്റ്ററായും പല പ്രഗത്ഭരും സ്കൂളിന്റെ അമരക്കാരായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

ഹയർ സെക്കണ്ടറി വിഭാഗം പ്രിൻസിപ്പളായി ശ്രീമതി. വി. അമ്പിളിയും ഹൈസ്കൂൾ വിഭാഗം ഹെഡ്മിസ്ട്രസ്സായി ശ്രീമതി. സി.എസ്. രാധാമണിയും ഇപ്പോൾ ഈ സ്കൂളിന്റെ ഭരണച്ചുമതല നിർവ്വഹിച്ചു വരുന്നു.

ഹൈസ്കൂൾ വിഭാഗത്തിൽ 13 അദ്ധ്യാപകരും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 25 അദ്ധ്യാപകരും 6 അനദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

## അക്കാദമികതലം

2011 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിക്കൊണ്ട് ജില്ലയിലെ മറ്റ് സ്കൂളുകൾക്ക് മാതൃകയായി നിലകൊള്ളുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ സംസ്ഥാന ശരാശരിക്ക് മുകളിൽ വിജയശതമാനം നിലനിർത്തി പോരുന്നു.

വർഷങ്ങളായി കലാകായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച് അഭിമാനപൂർവ്വം നിലകൊള്ളുന്നു.

നമ്മുടെ സ്കൂളിനേയും ഇവിടുത്തെ അധ്യയനത്തേയും പൊതുജനങ്ങൾ മതിപ്പോടെയാണ് വിലയിരുത്തുന്നത്. ശക്തമായ പി.റ്റി.എ. യുടെ പിന്തുണയും, അർപ്പണ മനോഭാവമുള്ള അധ്യാപകരും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.

ഓരോ മാസവും CPTA, PTA, SMC ഇവ. കൂടി രക്ഷിതാക്കളുമായി കുട്ടികളുടെ പഠന നിലവാരം ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അധ്യയന നിലവാരം ഉയർത്തിക്കൊണ്ടു വരുന്നതിനായുള്ള പരിശ്രമം തുടരുകയും ചെയ്യുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് (SPC) 2013 ഡിസംബറിൽ ആരംഭിക്കുകയുണ്ടായി. കുട്ടികളുടെ അച്ചടക്കം, വ്യക്തിത്വ വികാസം, കായികക്ഷമത, കൃത്യനിഷ്ഠ, ഉത്തരവാദിത്വം, പഠന മുന്നേറ്റം, സാമൂഹിക സേവനം, നേതൃ പാടവം തുടങ്ങിയവ വികസിപ്പിക്കാൻ SPC യിലൂടെ സാധിച്ചിട്ടുണ്ട്.

ഗതാഗത നിയന്ത്രണം, ആതുര ശുശ്രൂഷ, കാരുണ്യ പ്രവർത്തനം ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിച്ച് സഹായം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ നമ്മുടെ കുട്ടികൾ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

2016–17 വർഷം ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ.എസ്.എസ്-ന്റെ പുതിയ യൂണിറ്റ് തുടങ്ങുകയും സമൂഹ നന്മയ്ക്കായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തു വരുന്നു. രക്തദാനം, ക്യാൻസർ ബാധിതർക്ക് തലമുടി ദാനം ചെയ്യൽ, പച്ചക്കറി തോട്ടനിർമ്മാണം, അഗതി മന്ദിരങ്ങൾ സന്ദർശിച്ച് സേവനങ്ങൾ നൽകൽ, സ്കൂളിനു ചുറ്റുമുള്ള വീടുകൾ സന്ദർശിച്ച് മാലിന്യമുക്ത സാമൂഹിക ബോധവൽക്കരണം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്കൗട്ട് & ഗൈഡ് ആരംഭിച്ച് പ്രവർത്തനങ്ങൾ ഭംഗിയായി നടത്തിവരുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട CWSN -ഭിന്നശേഷിവിഭാഗം കുട്ടികളെ സമൂഹത്തിലെ മുൻനിരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നമ്മുടെ സ്കൂളിൽ നടന്നു വരുന്നു.

വിവിധ കലാകായിക മത്സരങ്ങളിൽ ഭിന്നശേഷിക്കാരായ നമ്മുടെ സ്കൂളിലെ കുട്ടികൾ കഴിവു തെളിയിച്ചവരാണ്.

## ഹൈടെക്ക് ക്ലാസ്സ് റൂം

സ്കൂൾ വിഭാഗത്തിൽ 4 ഉം ഹയർ സെക്കണ്ടറി വിഭാഗത്തിൽ 11 ഹൈടെക്ക് ക്ലാസ്സ് മുറികൾ സജ്ജമായി കഴിഞ്ഞു. മറ്റ് ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള ശ്രമം തുടർന്നു വരുന്നു.

സ്കൂൾ അച്ചടക്കം കുട്ടികളുടെ സ്വഭാവരൂപീകരണം എന്നിവയ്ക്കുവേണ്ടി കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം വളരെ ഭംഗിയായി നടന്നു വരുന്നു.

## ലൈബ്രറി

സ്കൂളിൽ വിശാലമായ ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിലെ പുസ്തകങ്ങളുടെ വിപുലമായ ശേഖരണമുണ്ട്. കൂടാതെ ക്ലാസ്സ് ലൈബ്രറി, വായനാമൂല, എഴുത്തുകൂട്ടം എന്നിവ നമ്മുടെ സ്കൂളിൽ ഭംഗിയായി നടന്നു വരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഠിക്കുന്ന ഈ സരസ്വതീക്ഷേത്രം നഗരത്തിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ്. ഈ വിദ്യാലയത്തിലെ. മുൻനിരയിലേക്ക് എത്തിക്കാൻ കഴിഞ്ഞത് അധ്യാപകരുടേയും പി.റ്റി.എ യുടേയും ഒത്തൊരുമയും ഇച്ഛാശക്തിയും ഒന്നു കൊണ്ട് മാത്രമാണ്. ഈ ഒത്തൊരുമ രാജാ കേശവദാസ് എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുമെന്നതിൽ സംശയമില്ല.

# വിദ്യാലയ കാഴ്ചപ്പാട്

- 5 മുതൽ 12 വരെയുള്ള ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യ പദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും, ശേഷിയും. നൈപുണ്യവും, മനോഭാവവും, മൂല്യങ്ങളും ആർജിക്കുവാൻ അവസരം ഒരുക്കുക. വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അദ്ധ്യായനം ഉറപ്പാക്കുക. പഠനവും, ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും, സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- കുട്ടിയുടെ പഠന വേഗത, പഠന ശൈലി എന്നിവ പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക.

- സ്വയം പഠനം, സംഘ പഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സാഹചര്യങ്ങൾ, ലൈബ്രറി, ലാബ് സംവിധാനങ്ങളും ലഭ്യമാക്കും.
- സമ്പൂർണ്ണ ശുചിത്വം. പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കും.
- കുട്ടികളുടെ മാനസികവും, ശാരീരികവുമായ പ്രയാസങ്ങൾ തൽസമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കും.

## പൊതുലക്ഷ്യങ്ങൾ

- 5 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, ധാരണകളും ഓരോ കുട്ടികളുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കും.
- എല്ലാ കുട്ടികൾക്കും, എല്ലാ മേഖലകളിലും അനുഭവം ലഭ്യമാക്കുന്നതിന് സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കും.
- ഐ.സി.റ്റി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും, അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ് മുറികളിൽ ഐ.സി.റ്റി. അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാ-കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അദ്ധ്യാപനത്തിലും. ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

- കാർഷിക സംസ്കാരം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനായി ഇടപെടലുകൾ നടത്തും.
- മദ്യപാനം, മയക്ക്മരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനായി ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
- പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും.
- കുട്ടികൾക്കായ് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## യു.പി. വിഭാഗം

## മലയാളം

# സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## മലയാളം യു.പി. വിഭാഗം

### ലക്ഷ്യങ്ങൾ

1. പ്രത്യേക കഴിവുകളുള്ള കുട്ടികളുടെ ഭാഷാ വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും എല്ലാ മലയാള ഭാഷ പാഠ്യപദ്ധതി ലക്ഷ്യങ്ങളും എല്ലാ കുട്ടികളും കൈവരിക്കുക.

2. അടിസ്ഥാന ആശയങ്ങളും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായം നൽകുക.

3 മലയാളഭാഷ ശരിയായ ഉച്ചാരണത്തോടെ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക.

4. വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.

5. ഐ.ടി. യുടെ സാധ്യതയും മലയാള ഭാഷ പഠനത്തിൽ ഉപയോഗിക്കാനുള്ള കഴിവ് നേടുക.

6. CWSN കുട്ടികളെ നേർവഴിയിൽ എത്തിക്കുക.

7. ഗവേഷണാത്മക അദ്ധ്യാപനത്തിലും ഗവേഷണാത്മക പഠനത്തിലും അവസരം ഒരുക്കും.

8. തുടക്കത്തിൽ തന്നെ പഠനത്തിൽ പുറകോട്ട് നിൽക്കുന്ന കുട്ടികളെ ആവശ്യമായ സഹായം ലഭ്യമാക്കും.

9. ലബോറട്ടറികൾ. സ്കൂൾ ലൈബ്രറി എന്നിവ ആധുനികവൽക്കരിച്ചു പഠനത്തിന്റെ ഭാഗമാക്കും.

10. വിദഗ്ധരുടെ ക്ലാസുകൾ. സെമിനാറുകൾ, ലഘുപഠന യാത്രകൾ, പഠന ക്യാമ്പുകൾ തുടങ്ങിയ പഠന തന്ത്രങ്ങൾ ഉപയോഗിക്കും.

11. മാലിന്യ നിർമ്മാർജ്ജനം, കാർഷിക സംസ്കാരം തുടങ്ങിയവ പുതിയ തലമുറയിൽ വളർത്തിയെടുക്കും.

12. പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.

13. പ്രത്യേക പരിഗണന പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് നൽകി മുഖ്യധാരയിലെത്തിക്കുന്നു.

14. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും.

15. കുട്ടികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

16. ജനകീയ ഇടപെടലുകൾ സ്കൂൾ പ്രവർത്തനത്തിന്റെ ഫലപ്രദാനത്തിന് ഉറപ്പാക്കും.

| നം. | പ്രവർത്തനം | വിശദാംശം | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ഭാഷാ കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് (മലയാളത്തിളക്കം) | അക്ഷരം ഉറപ്പിക്കൽ, പ്രീ-ടെസ്റ്റ്, ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ, കഥപറയൽ, കഥ വായിക്കുക, കഥാപുസ്തകം സി.ഡി. കാണിച്ച് വാക്യങ്ങൾ എഴുതുക. | 2 മാസം | 5, 6, 7 | 2, 3, 7 |
| 2 | വായന പ്രാധാന്യം | സമയം കണ്ടെത്തി വായന പ്രവർത്തനങ്ങൾ നൽകുന്നു. വായനക്കുറിപ്പ് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. വായനസൗഹൃദം ഈ-വായന വായനക്കൂട്ടം-5 പേർ ഒരു പുസ്തകം വായിച്ച് 2 ആഴ്ചകളിൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | 1 വർഷം | 5, 6, 7 | 1. 2. 3. 4 |

| നം. | പ്രവർത്തനം | വിശദാംശം | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|
| | | ചുമർ മാസിക നിർമ്മാണം, പത്ര വായന വായനാനുഭവം പങ്കു വയ്ക്കാം. | | | |
| 3 | പത്ര വായന പ്രാധാന്യം | മികച്ച വാർത്ത വായനക്കാരെ കണ്ടെത്തുന്നു. പത്ര ക്വിസ്, ദിനാചരണ പുസ്തക വായന | ആഴ്ചയിൽ ഒന്ന് | | 1, 2, 3, 4 |
| 4 | രചന മത്സരം, കഥ, കവിത, വർണ്ണന, വിവരണം, കത്ത്, ഡയറി, ആസ്വാദനം (സിനിമ, നാടകം, ചെറുകഥ) | വ്യവഹാര രൂപങ്ങൾ രചിക്കുന്നു. അവതരണം, മികച്ചത് കണ്ടെത്തി സമ്മാനം നൽകൽ, കയ്യെഴുത്ത് മാസിക | പ്രതിമാസം | 5, 6, 7 | 1, 2, 3, 4 |
| 5 | മികച്ച വാർത്താവതാരകരെ കണ്ടെത്തി അവതരണ പ്രതിഭാ പുരസ്കാരം | ക്ലബ്ബ് രൂപീകരണം അവതാരകരെ കണ്ടെത്തി വാർത്ത തയ്യാറാക്കുന്നു. മികച്ച പ്രതിഭയെ കണ്ടെത്തുന്നു. | പ്രതിമാസ പരിപാടി | 5, 6, 7 | 1, 2, 4 |
| 6 | ഐ.ടി സാധ്യതകളെ കണ്ടെത്തുന്നു. മികച്ച പ്രഭാഷണങ്ങൾ | അസംബ്ലികളിലെ നല്ല വായന കണ്ടെത്തുന്നു. സെമിനാർ, സംവാദങ്ങൾ, ഡോക്യുമെന്ററികൾ കേൾപ്പിക്കുന്നു. | പ്രതിമാസം 2 മണിക്കൂർ | 5, 6, 7 | 1, 2, 4 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## എച്ച്.എസ്. വിഭാഗം

## മലയാളം

# സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## മലയാളം എച്ച്.എസ് വിഭാഗം

### ലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

2. കുട്ടിയെ മികച്ച വായനക്കാരനാക്കുക.

3 കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.

4. മലയാള ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് നേടുക.

5. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

6. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനും മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുമുള്ള മനോഭാവം നേടുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്ക് എഴുതിയ കാർഡ്<br>6. വാക്ക്, വാക്യം നിർമ്മിക്കൽ<br>7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം (ആഗസ്റ്റ്, സെപ്റ്റംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 2. കുട്ടിയെ മികച്ച വായനക്കാര നാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2 സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4 പത്രവായന<br>5 പുസ്തകചർച്ച<br>6. വായനാനുഭവം<br>7 വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9 ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രം, ആനുകാലിക പ്രസിദ്ധീകര ണങ്ങൾ, ഇന്റർനെറ്റ് | പി.ടി.എ. അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2 പുസ്തകചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധസാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. വ്യക്തിഗതരചന, സംഘരചന | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പി.ടി.എ. അധ്യാപകർ |
| 4. മലയാള ഭാഷാ പഠനത്തിൽ ഐ.ടി. യുടെ പ്രയോജന പ്പെടുത്തുന്ന തിനുള്ള | 1. മികച്ച രചനകളുടെ ഓഡിയോ വീഡിയോ പ്രദർശിപ്പിക്കൽ<br>2. ഷോർട്ട് ഫിലിം നിർമാണം | പ്രതിമാസം 2 മണിക്കൂർ | ഐ ടി ലാബ് ക്ലാസ്റൂം പ്രൊജക്ടർ വഴിയുള്ള പ്രദർശനം | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| കഴിവ് നേടുക | 3. വീഡിയോ എഡിറ്റിങ്ങ്<br>4. എ.ഐ. സാധ്യതകൾ | പ്രതിമാസം<br>2 മണിക്കൂർ | ഐ ടി ലാബ് ക്ലാസ്റൂം പ്രൊജക്ടർ വഴിയുള്ള പ്രദർശനം | അധ്യാപകർ |
| 5. CWSN കുട്ടികളെ മുഖ്യധാരയിൽ എത്തിക്കൽ | 1. ചിത്രം കഥ പറയൽ<br>2. അക്ഷരകാർഡ് നൽകൽ<br>3. സഹപാഠികളുമായുള്ള ഇടപഴകൽ<br>4. സഹപാഠികളെ അറിയൽ<br>5. കഥ, കവിത | പ്രതിമാസം | പുസ്തകങ്ങൾ | |
| 6. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനും മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുമുള്ള മനോഭാവം നേടുക | 1. ഭാഷാപ്രകടന ശേഷി<br>2. സർഗവൈഭവം കണ്ടെത്തൽ<br>3. വായന<br>4. പ്രകൃതി പഠനയാത്ര<br>5 സമകാലിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ<br>6. ഉപന്യാസം, പ്രതികരണക്കുറിപ്പ്<br>7. സംവാദം | പ്രതിമാസം | ശില്പശാലകൾ, ക്ലാസ് ലൈബ്രറി | പി.ടി.എ. അധ്യാപകർ കുട്ടികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## യു.പി. വിഭാഗം

## ഹിന്ദി

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, പഠനം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ് വാക്യങ്ങളുടെ നിർമ്മാണം CWSN കുട്ടികളുടെ പങ്കാളിത്തം | June to August | അധ്യാപകർ |
| 2 | കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കുക. ഐ സി.റ്റി. സഹായത്തോടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം | September | |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുന്നു. ദിനാചരണങ്ങൾ നടത്തുന്നു. | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ, അധിക വായന സാമഗ്രികൾ. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ, ക്ലാസ് ലൈബ്രറി, ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ, ചിത്രം അടിക്കുറിപ്പ്, കഥ പറയൽ, കഥ | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| | | എഴുതൽ, കഥ ബാക്കി എഴുതൽ, വായനമൂല പോസ്റ്റർ തയ്യാറാക്കൽ ഭിന്നശേഷി കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനേയും മാനസികാവസ്ഥയും കണക്കിലെടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | വർഷം മുഴുവൻ | |
| 4. | വായനാഭിരുചി വർദ്ധിപ്പിക്കൽ, വായനാമൂല തയ്യാറാക്കൽ ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി ഭാഷാ നൈപുണി വർദ്ധിപ്പിക്കുക. | പുസ്തകവായന ക്ലാസ്, മുറികളിൽ ഹിന്ദി ഭാഷയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കുക. | വർഷം മുഴുവൻ | |
| 5. | ഡോക്യുമെന്ററി, സിനിമ, കവിത, കാർട്ടൂൺ ഇവ കാണാനും കേൾക്കാനുമുള്ള അവസരം | ഐ സി.റ്റി. പ്രയോഗം മനസ്സിലാക്കാം | മൂന്ന് ദിവസം | |
| 6. | ഹിന്ദി അസംബ്ലി | ഹിന്ദിയിൽ അസംബ്ലി നടത്തുന്നു. പ്രെയർ, പ്ലഡ്ജ്, സ്പീച്ച് എല്ലാം ഹിന്ദിയിൽ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

## എച്ച്. എസ്. വിഭാഗം

## ഹിന്ദി

# ഹിന്ദി എച്ച്.എസ് വിഭാഗം

## പൊതുവായ ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

3 ഹിന്ദിഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും, വായിക്കാനും, കണ്ടെത്താനും പഠിപ്പിക്കുന്നു. CWSN/slow learnes കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കുന്നു. | അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. CWSN കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐ സി.റ്റി. മുഖാന്തിരം പല വർണ്ണങ്ങളിൽ അക്ഷരമാല അവതരണം | June to August | അധ്യാപകർ |
| 2 | ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക. | കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകുന്ന ഭാഷാ പോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള | | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| | | പ്രവർത്തനങ്ങൾ CWSN കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനേയും മാനസികാവസ്ഥയും കണക്കിലെടുത്ത് നടത്താവുന്ന പ്രവർത്തനങ്ങൾ | Academic Year | |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ഓരോ ക്ലാസ്സിലും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. വർക്ക്ഷീറ്റുകൾ നൽകുന്നു. നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | Academic Year | |
| 4. | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | 6 മാസം | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 5. | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. കവിതകൾ വായിച്ച് ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കാൻ പറയുന്നു. | Academic Year | |
| 6. | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുന്നു. സ്വഭാവസവിശേഷതകളിൽമേൽ കുറിപ്പ് തയ്യാറാക്കുന്നു. ഡയറി സംഭാഷണം, എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകി കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് സംഭാഷണം, തിരക്കഥ, ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. ഭിന്നശേഷി കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും, മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ നൽകുന്നു. | Academic Year | |
| 7. | ഡോക്യുമെന്ററി, കവിത, കാർട്ടൂൺ, വാർത്തകൾ ഇവ കാണാനും കേൾക്കാനുമുള്ള അവസരം. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ, വീഡിയോ, ഐ.സി.റ്റി. മുഖേന നൽകുന്നു. | One month | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 8. | പോസ്റ്റർ, ഹിന്ദി ക്ലബ്ബ്, വിവര സാങ്കേതിക വിദ്യ, ദിനാചരണങ്ങൾ | ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ പോസ്റ്റർ തയ്യാറാക്കും. ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. | Yearly | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## യു.പി. വിഭാഗം

## ഇംഗ്ലീഷ്

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|
| 1. | ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം നൽകുന്നു. | ഇംഗ്ലീഷ് ഓഡിയോ, വീഡിയോ കേൾക്കുന്നതിനും കാണുന്നതിനും അവസരമൊരുക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ | അധ്യാപകർ |
| 2. | ഭാവാത്മക വായന പരിശീലിക്കുന്നു. | * Reading Card നൽകുന്നു.<br>* English News Paper വായിക്കുവാൻ അവസരം നൽകുന്നു.<br>* Reader of the Monthനെ അനുമോദിക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ | |
| 3 | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | * Dictation ഇടുന്നു.<br>* കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു.<br>* Story telling, Story Writing, Role Play എന്നിവയിലൂടെ ഇംഗ്ലീഷ് ഹൃദിസ്ഥമാക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ | |
| 4. | English Assembly | * English Assembly നടത്തുന്നു.<br>* Prayer, Pledge, Speech, എല്ലാം തന്നെ ഇംഗ്ലീഷിൽ നടത്തുന്നു. | വർഷം മുഴുവനും | അധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|
| 5. | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | * ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ളവരെ കൊണ്ട് ക്ലാസ്സുകൾ എടുക്കുന്നു.<br>* Documentary, Film Show എന്നിവ സംഘടിപ്പിക്കുന്നു. | | | |
| 6 | Friendship with books | * Collecting Books<br>* Birthday Books<br>* Class Library<br>* News Reading | വർഷം മുഴുവനും | | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

## എച്ച്.എസ്. വിഭാഗം

## ഇംഗ്ലീഷ്

Subject : English

We know that English is a universal languae. The foundation of effective communication and language acquisition lies in the development of LSRW skills - listening, speaking, reading and writing. To transform every learner into a confident user of English by strengthening their LSRW skills through structured class room practices, integrated activities and continuous assessment. Activities such as story telling, poster making, speech, recitation, role play helps students to increase their proficiency in language.

| Activity I | | | |
|---|---|---|---|
| Aim | Activities | Duraton | Charge |
| Identifying students need support in English language of each class and introducing various methods to improve their English language ability | Teaching them words through pictures, word games, arranging jumbed alphabets to form new words. Giving situations and letting students speak, giving school topics to write like: My ambition in life, how they spend their vacation etc. | 2 Months | English teachers |
| | Activity 2 | | |
| Every student attain the skills of listening, speaking, reading and writing | To improve listening skill children can be given opportunities to listen poems, speeches made by teachers conversations etc. For speaking they can be given various topics to present in assembly. Reading related with Library, Newspaper reading, picture reading etc. To improve writing skills ask students to make Wall Magazine, Poster Writing stories, caption writing etc. | Academic year | English Teacher |

| | | | |
|---|---|---|---|
| | Activity 3 | | |
| To improve the creative and literary ability of the learners<br>Teacher | Preparing English Magazine Writing school poems and recite in class or assembly.<br><br>Writing the profile of great writers in Indian and English literature writing appreciations of poems. | Academic year | English |
| | Activity 4 | | |
| Aim<br><br>Creating a space for English class for exhibiting their various talents in English live riddles, puzzles, English quiz etc. | Activities<br><br>Articles based on English literature, puzzles cross words, important news can be pasted and fixed | Duraton<br><br>Monthly | Charge<br><br>English Teacher |
| | Activity 5 | | |
| Book Exhibition Introducing various English writers and poets | Exhibition of English books of poets and writers | January | English Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# യു.പി. വിഭാഗം

# സോഷ്യൽ സയൻസ്

വ്യക്തിത്വ വികസനത്തിനനിവാര്യമായ ഒന്നാണ് അവകാശങ്ങൾ. ലോകത്തിലെ ഭൂരിഭാഗം ഭരണ ഘടനകളും അവകാശങ്ങൾ ഉറപ്പ് നൽകുന്നുണ്ട്. വ്യക്തിത്വ വികസനമെന്ന മഹത്തായ കാഴ്ചപ്പാട് വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുകയും അവരെ സമൂഹത്തിലെ പ്രധാന വ്യക്തിത്വത്തിനുടമകളാക്കുകയും ചെയ്യുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുഖ്യധാരയിലെത്തിച്ച് വിദ്യാലയം ഒരു വ്യക്തിത്വവികസന മാതൃകയാക്കുന്നതിനുള്ള സംരംഭം.

## ലക്ഷ്യങ്ങൾ

- ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ
- വിദ്യാർത്ഥികളുടെ പഠന പുരോഗതിയും വ്യക്തിത്വവികാസവും ഉറപ്പുവരുത്തൽ.
- ഇന്ത്യയിലെയും മറ്റ് രാജ്യങ്ങളിലെയും തെരഞ്ഞെടുപ്പ് രീതികളെക്കുറിച്ച് ധാരണ നേടുന്നു.
- SPC വിദ്യാരംഗം കലാസാഹിത്യവേദി, എൻ.എസ്.എസ് തുടങ്ങിയ സംവിധാനങ്ങൾ മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതിബദ്ധത എന്നിവ വളർത്താനുള്ള വേദികളാണ്.
- പഠിതാവിന്റെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ
- ക്ലാസ്റൂം പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും നേതൃശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.
- നമ്മുടെ സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരപൂർവ്വമായ മനോഭാവം സൃഷ്ടിക്കുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ/സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1 കുട്ടികളെ അവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കുക. | 1 പാഠഭാഗങ്ങൾ ഗ്രൂപ്പ് തലത്തിലും വ്യക്തിഗതമായും വായിച്ച് ആശയ സ്വാംശീകരണം.<br><br>2 ചർച്ച. കുറിപ്പുകൾ, ലഘു വിവരങ്ങൾ, വായന കുറിപ്പുകൾ മുതലായവ എഴുതി അവതരിപ്പിക്കുവാൻ പ്രാപ്തനാക്കൽ.<br><br>3 ക്വിസ് പരിപാടികൾ ആസൂത്രണം ചെയ്യൽ.<br><br>4 പുതിയതും പഴയതുമായ വിവരങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അറിയുന്നതിനുമായി സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ. വിവര ശേഖരണത്തിനും അധിക വായനയ്ക്കും ലൈബ്രറി ഉപയോഗപ്പെടുത്താം. | ദീർഘ കാലം | അധ്യാപകർ<br>SCERT<br>BRC<br>PTA | അധ്യാപകർ<br>രക്ഷിതാക്കൾ |
| 2 പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീ-ടെസ്റ്റ് നടത്തുന്നു.<br><br>2 കുട്ടികൾക്ക് വേണ്ടുന്ന മാർഗ നിർദേശങ്ങൾ, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം, അവകാശങ്ങൾ, കടമകൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം. | 4 മാസം | അധ്യാപകർ<br>SRG<br>PTA | അധ്യാപകർ<br>SRG |

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ/സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 3 ദിനാചരണങ്ങൾ വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG ൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. സ്പെഷ്യൽ അസംബ്ലിയിൽ ഇത് അവതരിപ്പിക്കുന്നു. | ദീർഘകാലം | | |
| 4 ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം | BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം, ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭ സേവനം. | 8 മാസം | റിസോഴ്സ് അധ്യാപകരുടെയും മറ്റ് വിദഗ്ദ്ധരുടെയും സഹായം കുട്ടിയുടെ പഠനം പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ | അധ്യാപകർ<br>DIET |
| 5 പത്രവായന | പാഠഭാഗവുമായി ബന്ധപ്പെട്ട് പത്രം തയ്യാറാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കലും സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കലും | ദീർഘകാലം | അധ്യാപകർ<br>SRG | അധ്യാപകർ |
| 6 ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ്തലത്തിൽ ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം. | 6 മാസം | | |
| 7 ചിത്ര പ്രദർശനം | ഭരണഘടന ശില്പികളുടെയും മറ്റ് പ്രശസ്ത വ്യക്തികളുടെയും പാർലമെന്റ് മന്ദിരത്തിന്റെയും ചിത്രങ്ങൾ സാധ്യതയിലൂടെ പ്രദർശിപ്പിക്കൽ | 6 മാസം | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# ഹൈസ്കൂൾ വിഭാഗം

# സോഷ്യൽ സയൻസ്

## മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹിക ശാസ്ത്ര അധ്യാപിക | |
| 2 ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സ്കൂൾ, കുട്ടികൾ സുമനസ്സുകൾ |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. ICT യുടെ സഹായത്താൽ | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക | പി.ടി.എ, മാനേജ്മെന്റ് |
| 3 മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പൗരത്വത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര അധ്യാപിക | സാമൂഹിക ശാസ്ത്ര ക്ലബ്ബ് |
| 4 കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം ICT യുടെ സഹായത്താൽ | അക്കാദമിക വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര അധ്യാപിക | |
| 5 ഭിന്നശേഷി ക്കാരെ ഉൾപ്പെ ടുത്തിയുള്ള വിദ്യാഭ്യാസം. വിലയിരുത്തൽ സാധ്യതകൾ പ്രാവർത്തിക മാക്കൽ പഠനാവശ്യ ങ്ങൾ, അഭിരുചി എന്നിവ പരിഗണിച്ച് പഠന പ്രവർ ത്തനങ്ങളുടെ ആസൂത്രണം. | പഠനപ്രവർത്തനങ്ങളിൽ പങ്കാളിത്തം ലക്ഷ്യമാക്കുന്ന രീതിയിൽ പഠനാസൂത്രണത്തിൽ അനുരൂപീകരണം. | അക്കാദമിക വർഷം മുഴുവൻ | റിസോഴ്സ് അധ്യാപകരുടെയും മറ്റ് വിദഗ്ദ്ധരുടെയും സഹായം | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# യു.പി. വിഭാഗം

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1 സസ്യങ്ങളുടെ പ്രാധാന്യം അറിയാൻ മരങ്ങൾ നമ്മുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നു എന്ന് തിരിച്ചറിയാൻ | പരിസ്ഥിതി ദിനത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നു. | ജൂൺ 5 | അധ്യാപിക, കുട്ടികൾ രക്ഷിതാക്കൾ | രക്ഷിതാക്കൾ അധ്യാപകർ പി.ടി.എ വിവിധ സംഘടനകൾ |
| 2 നിത്യ ജീവിതത്തിൽ ശാസ്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. | അധ്യയന വർഷം മുഴുവനും | അധ്യാപിക കുട്ടികൾ രക്ഷിതാക്കൾ | രക്ഷിതാക്കൾ അധ്യാപകർ |
| 3 ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക | വിവിധതരം ക്ലബ്ബുകൾ രൂപീകരിക്കുന്നു. | അധ്യയന വർഷം മുഴുവനും | അധ്യാപിക, കുട്ടികൾ രക്ഷിതാക്കൾ | രക്ഷിതാക്കൾ അധ്യാപകർ |
| | പ്രോജക്ടുകൾ തയ്യാറാക്കുന്നു. ചാർട്ടുകൾ നിർമ്മിക്കുന്നു ICT പ്രദർശിപ്പിക്കുന്നു. സയൻസ് ക്വിസ് സംഘടിപ്പിക്കുന്നു. ദിനാചരണങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | അധ്യാപകർ, രക്ഷിതാക്കൾ കുട്ടികൾ | അധ്യാപകർ രക്ഷിതാക്കൾ |
| 4 ചാന്ദ്രദിനം | വാന നിരീക്ഷണം ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ICT യിലൂടെ പ്രദർശിപ്പിക്കുന്നു. Smiley ball വച്ചുള്ള പരീക്ഷണം | ജൂലായ് മാസം | അധ്യാപിക കുട്ടികൾ | അധ്യാപകർ രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 5 കൃഷിയിൽ താത്പര്യം ജനിപ്പിക്കാൻ പച്ചക്കറിത്തോട്ടം തയ്യാറെടുക്കുന്നു | Layering, Grafting, budding ഇവ ചെയ്യുന്നവിധം അധ്യാപിക വ്യക്തമാക്കി കൊടുക്കുന്നു.<br>ICT പ്രദർശിപ്പിക്കുന്നു. | ജൂൺ, ജൂലായ് മാസത്തിൽ | അധ്യാപിക, കുട്ടികൾ | അധ്യാപിക, രക്ഷിതാക്കൾ |
| 6 ജീവികളുടെ ആഹാരരീതി മനസ്സിലാക്കാൻ | വിവിധതരം ജീവികളുടെ Food Card തയ്യാറാക്കുന്നു. പ്രദർശിപ്പിക്കുന്നു. | ജൂൺ, ജൂലായ് മാസത്തിൽ | അധ്യാപിക, കുട്ടികൾ രക്ഷിതാക്കൾ | അധ്യാപിക, കുട്ടികൾ രക്ഷിതാക്കൾ |
| 7 ആഹാരത്തിന്റെ പ്രാധാന്യം | Food Festival, Food Chart ഇവയുടെ സംഘാടനം | ജൂൺ, ജൂലായ് മാസത്തിൽ | അധ്യാപകർ, രക്ഷിതാക്കൾ കുട്ടികൾ | അധ്യാപകർ രക്ഷിതാക്കൾ |
| 8 ശാസ്ത്ര ലൈബ്രറി | ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ്സ് ലൈബ്രറിയിൽ സജ്ജീകരിക്കുക.<br>ശാസ്ത്രജ്ഞരുടെ ജീവചരിത്രകുറിപ്പുകൾ അടങ്ങിയ പുസ്തകങ്ങൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.<br>Readers Digest, Tellme Why തുടങ്ങിയവ വായിക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ, രക്ഷിതാക്കൾ | അധ്യാപകർ, രക്ഷിതാക്കൾ |
| 9 സയൻസ് ക്ലബ്ബ് | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആചരിക്കുന്നു.<br>പോസ്റ്റർ നിർമ്മാണം, ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു.<br>ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു.<br>കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ സ്കൂളിൽ Exhibit ചെയ്യുന്നു. | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ഹൈസ്കൂൾ വിഭാഗം

# സോഷ്യൽ സയൻസ്

# ശാസ്ത്ര ക്ലബ്ബുകൾ

## ലക്ഷ്യം

- ക്ലാസ് മുറികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, ബോധവൽക്കരണ ഉപാധികൾ, സെമിനാർ പേപ്പറുകൾ, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ അവതരിപ്പിക്കുന്നതിനുള്ള വേദിയായി മാറ്റുക.
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള ശക്തമായ ഒരു ഉപാധിയായി ക്ലബ്ബിനെ മാറ്റുക.
- ക്ലബ്ബ് പ്രവർത്തനം ജൂൺ മാസത്തിൽ തന്നെ തുടങ്ങണം.
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, പ്രത്യേക വിഷയങ്ങളിലുള്ള വിദഗ്ദ്ധ ക്ലബ്ബുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്ന വേദി
- സയൻസ് ക്വിസ്, ഉപന്യാസം, ചിത്രരചന, പെയിന്റിംഗ് മുതലായവ സംഘടിപ്പിക്കുക.
- എനർജി ക്ലബ്, ഇക്കോ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളുടെ ഏകീകരണം നടത്തുക.

| പ്രക്രിയാശേഷി | പ്രവർത്തനം | കാലദൈർഘ്യം | പിന്തുണ |
|---|---|---|---|
| സയൻസ് ക്ലബ്ബ് | കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ ക്ലബ്ബിൽ അവതരിപ്പിക്കുന്നു. ആനുകാലിക കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ശാസ്ത്ര ക്ലബ്ബുകൾ, സെമിനാറുകൾ മുതലായവ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്നു. | വർഷം തോറും | സയൻസ് ടീച്ചേർസ്, ഹെൽത്ത് വർക്കേർസ്, ശാസ്ത്ര വിദഗ്ധർ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ മുതലായവ. |

## ശാസ്ത്ര ലൈബ്രറി

### ലക്ഷ്യങ്ങൾ

- നിരന്തരമായ വായനയിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു.
- വസ്തുതകളെയും ആശയങ്ങളെയും പങ്കുവെയ്ക്കുന്നു.
- കൗതുകം, ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കുന്നു.
- ശാസ്ത്ര വായനയിലൂടെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുന്നു.
- ശാസ്ത്രീയമായ കാഴ്ചപ്പാടും വീക്ഷണവും രൂപപ്പെടുക
- വായനയിലൂടെ സ്വായത്തമായ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായ് വിനിയോഗിക്കുക.
- ദൈനംദിന ജീവിതവുമായി വായിച്ച അറിവുകളെ ബന്ധപ്പെടുത്തുക
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളരുക
- ഭിന്നശേഷി കുട്ടികൾ വായനയിലൂടെ മനസ്സിലാക്കുന്നു.
- ശാസ്ത്രീയമായ അറിവിനോടും ശാസ്ത്ര വിദ്യാഭ്യാസത്തോടും കൂടുതൽ അറിവ് ഉണ്ടാക്കിയെടുക്കുന്നു.

| പ്രക്രിയാശേഷി | പ്രവർത്തനം | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ശാസ്ത്ര ലൈബ്രറി | ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് സജ്ജീകരിക്കുക.<br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുക.<br>ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പുകൾ<br>ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട പുസ്തകം കറണ്ട് അഫേർസ്<br>ശാസ്ത്രമാസിക, യുറീക്ക, ഡൈജസ്റ്റ് കുട്ടികളുടെ രചനങ്ങൾ<br>വിവിധ ശാസ്ത്ര റഫറൻസ് ഗ്രന്ഥങ്ങൾ | വർഷം തോറും | വിവിധ ബുക്കുകൾ | സയൻസ് ടീച്ചേർസ്, രക്ഷകർത്താക്കൾ പൂർവ്വ വിദ്യാർത്ഥി സംഘടന<br>BRC, SRG etc. |

# സയൻസ് ലാബ്

## ലക്ഷ്യങ്ങൾ

- ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ
- ശാസ്ത്രീയമായ അഭിരുചി വളർത്തുക
- ശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ വളർത്തുക
- ശാസ്ത്ര തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ പരീക്ഷണങ്ങളിലൂടെ കഴിയുക
- ICT സാധ്യത ഉൾപ്പെടുത്തി ശാസ്ത്രത്തിന്റെ അനന്ത സാധ്യതകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക
- ശാസ്ത്രമേളകളിൽ പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക
- ദൈനംദിന ജീവിതത്തിൽ ശാസ്ത്രത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുക.

| പ്രവർത്തനങ്ങൾ | പിന്തുണ | കാലദൈർഘ്യം |
|---|---|---|
| ലാബിലെ വിവിധ ഉപകരണങ്ങൾ,<br>രാസവസ്തുക്കൾ ഇവ തിരിച്ച്<br>ക്രമീകരിക്കുക.<br>ഇരിപ്പിടങ്ങൾ സജ്ജമാക്കൽ<br>ശാസ്ത്ര ക്ലബ്ബിൽ ഉൾപ്പെട്ട കുട്ടികൾ<br>ശാസ്ത്രവുമായി ബന്ധപ്പെട്ട<br>അറിവുകൾ വർദ്ധിപ്പിക്കുവാനുള്ള<br>പ്രവർത്തനം നടത്തുകയും മറ്റു<br>കുട്ടികളിലേയ്ക്ക് അവ<br>എത്തിക്കുവാൻ സഹായിക്കുകയും<br>ചെയ്യുക.<br>ശാസ്ത്ര തത്വങ്ങൾ എളുപ്പത്തിൽ<br>മനസ്സിലാക്കാൻ ഉപകരിക്കുന്ന<br>രസകരമായ ലഘു പരീക്ഷണങ്ങൾ<br>അവതരിപ്പിക്കുക.<br>ശാസ്ത്രമേളകളിൽ<br>പങ്കെടുക്കുവാൻ തക്കവണ്ണം<br>കുട്ടികളെ പ്രാപ്തരാക്കുക.<br>സ്കൂൾതല ശാസ്ത്രമേളയിൽ<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം<br>ഉറപ്പാക്കുക. | സയൻസ് ടീച്ചേർസ്<br>SRG<br><br>സയൻസ് ടീച്ചേർസ്<br>SRG | 1 പ്രാവശ്യം<br><br>വർഷം<br>തോറും<br><br>വർഷം<br>തോറും<br><br>1 പ്രാവശ്യം |

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# യു.പി. വിഭാഗം

# ഗണിതശാസ്ത്രം

ഗണിത ശാസ്ത്രത്തിന് ദൈനംദിന ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. പണമിടപാട്, സമയക്രമീകരണം തുടങ്ങി ഒട്ടുമിക്ക കാര്യങ്ങളിലും ഗണിതശാസ്ത്രം ഒഴിച്ചുകൂടാനാവാത്തതാണ്. ഇത് വിദ്യാർത്ഥികളുടെ പ്രശ്നപരിഹാരശേഷി വർദ്ധിപ്പിക്കാനും, യുക്തിസഹമായി ചിന്തിക്കാനും സഹായിക്കുന്നു. ഇത് വിദ്യാർത്ഥികൾക്ക് മറ്റ് വിഷയങ്ങൾ പഠിക്കാനും, ജീവിതത്തിൽ മുന്നോട്ടു പോകാനും സഹായിക്കുന്നു.

**ലക്ഷ്യങ്ങൾ**

- അടിസ്ഥാന ഗണിത ക്രിയകൾ പരിശീലിപ്പിക്കുക
- വിദ്യാർത്ഥികളുടെ പഠന പുരോഗതിയും വ്യക്തിത്വവികസനവും ഉറപ്പുവരുത്തൽ
- ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും നേതൃത്വശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.
- വിവിധ ശേഷികളുടെ വികസനം
- ഗണിതം മധുരമാക്കൽ

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ/ സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1 അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ... ഉപയോഗിക്കുന്നു.) | ജൂൺ മാസം | | ഗണിത അധ്യാപകർ |
| 2 ഗണിത പഠനം സുഗമമാക്കൽ | കുട്ടികളെക്കൊണ്ട് നിത്യജീവിതവുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ ചെയ്യിക്കുക. | ആവശ്യാനുസരണം | അധ്യാപകർ പി.ടി.എ | |
| 4 പഠനപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1) പ്രീ ടെസ്റ്റ് നടത്തുന്നു 2) കുട്ടികൾക്ക് വേണ്ടുന്ന മാർഗ നിർദേശങ്ങൾ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | 4 മാസം | അധ്യാപകർ SRG PTA | അധ്യാപകർ SRG |
| 5 ദിനാചരണം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ദീർഘ കാലം | | SRG |
| 6 ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം | BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ പ്രോത്സാഹനം പ്രത്യേക ബോധനം | 3 മാസം | റിസോഴ്സ് അധ്യാപകരുടെയും മറ്റ് വിദഗ്ധരുടെയും സഹായം പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ | അധ്യാപകർ DIET |

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | | ചുമതല |
|---|---|---|---|---|
| 7 ഐ.ടി സാധ്യതകളിലൂടെ | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ട്രാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | 6 മാസം | ഗണിത അധ്യാപകൻ | ഗണിത അധ്യാപകൻ |

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# എച്ച്.എസ്. വിഭാഗം

# ഗണിതശാസ്ത്രം

## ആമുഖം

'ശാസ്ത്രങ്ങളുടെ രാജ്ഞി' എന്നറിയപ്പെടുന്ന ഗണിതശാസ്ത്രം മനോഹരമായ ഒരു ചങ്ങലയാണ്. അതിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതപഠനം രസകരവും എളുപ്പവുമാകൂ. ഗണിതപഠനം എന്നത് കേവലം ഗണിതക്രിയകൾ ചെയ്യുന്നതിനു മാത്രമല്ല. യുക്തിചിന്ത വളർത്തിയെടുക്കുന്നതിനും ഗണിത തത്വങ്ങൾ പ്രയോഗിച്ച് പ്രശ്ന പരിഹാരങ്ങൾ സാധ്യമാക്കുന്നതിനും ബന്ധം കണ്ടെത്തി വസ്തുതകളെ അപഗ്രന്ഥിക്കാനും ഗണിതപരമായ സർഗ്ഗാത്മകത വളർത്തിയെടുക്കാനും ഗണിതപഠനം കുട്ടികളെ സഹായിക്കുന്നു. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടി ക്രമങ്ങളുമല്ല എന്ന തിരിച്ചറിവ് ഉണ്ടാകണം. ഇതിനു സഹായകമായ പദ്ധതി കളും പ്രവർത്തനങ്ങളുമാണ് നാം നൽകുന്നത്. ക്ലാസിലെ ഓരോ കുട്ടിയ്ക്കും ഗണിതം തനിക്കു പഠിക്കാൻ കഴിയു മെന്ന വിശ്വാസമുണ്ടാവണം. ഇതിനു സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് ഉറപ്പാക്കേണ്ടത്.

## ലക്ഷ്യങ്ങൾ

- ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിതപഠനം മധുരതരമാക്കൽ
- നിർമ്മിതികളിലെ ശേഷി കൈവരിക്കൽ
- ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ കണ്ടെത്തൽ
- ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ
- ഗണിത മത്സരവേദിയിലേക്ക് : മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ
- വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള ആശയ വിനിമയം
- ദിനാചരണങ്ങളുടെ ആവശ്യകതയും പ്രാധാന്യവും ബോധ്യപ്പെടുത്തൽ.

## ഗണിതപഠന പ്രശ്നങ്ങൾ

- കുട്ടികൾക്ക് പ്രൈമറി ക്ലാസിലെ അടിസ്ഥാന ആശയങ്ങൾ  ധാരണയില്ലാതിരിക്കൽ.
- അടിസ്ഥാന ഗണിത ക്രിയകൾ ചെയ്യേണ്ടവിധം യഥാസമയം ഗ്രഹിക്കാതിരിക്കൽ.
- ക്ലാസ് മുറി പ്രവർത്തനാധിഷ്ഠിത പഠനത്തിന് അനുയോജ്യമല്ലാതിരിക്കൽ
- പഠനോപകരണങ്ങളുടെ കുറവ്.

## പരിഹാര നിർദ്ദേശങ്ങൾ

- പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കുന്നു.
- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൽ, മേളകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക.

| Mission | Activities | Month | Academic Focus | | | Non Academic Highlights | ചുമതലകൾ |
|---|---|---|---|---|---|---|---|
| | | | VIII | IX | X | | |
| *ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അടിസ്ഥാനാശയങ്ങൾ പട്ടികപ്പെടുത്തൽ (ചതുഷ്ക്രിയകൾ,നിർമ്മിതിയിലെ ശേഷി)<br>* പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>* SRG അവതരണം<br>* സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനം<br>* വർക്ക് ഷീറ്റ്<br>* ICT | ജൂൺ | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും വർഗങ്ങൾ, തുല്യ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ് - ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉത്ഘാടനം<br>• Bullettin Board<br>• പാസ്ക്കൽ ദിനം (ജൂൺ -19) | HM Class Teacher SRC കൺവീനർ, ഗണിതാധ്യാപകർ |

| Mission | Activities | Month | Academic Focus VIII | IX | X | Non Academic Highlights | ചുമതലകൾ |
|---|---|---|---|---|---|---|---|
| *ഗണിത പഠനം മധുരതരമാക്കൽ *നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | *ശില്പശാല സംഘടിപ്പിക്കുക * ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂലൈ | തുല്യ ത്രികോണങ്ങൾ, വർഗ സമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ്-ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിത ശില്പശാല (വിവിധ മാതൃകകളുടെ നിർമ്മാണം) | ഗണിത അധ്യാപകർ |
| * ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | * ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ * മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ആഗസ്റ്റ് | ബഹുപദങ്ങൾ, സമവാക്യ പരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദ വാർഷിക പരീക്ഷ & PTM | രണ്ടാം കൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദ വാർഷിക പരീക്ഷ & PTM | • ഗണിത ക്വിസ് മത്സരം<br>• Geometrical chart പരിശീലനം | ഗണിത അധ്യാപകർ, ക്ലബ് അംഗങ്ങൾ |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | * മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം | സെപ്തംബർ | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & രിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതോത്സവം (ഗണിതഗാനം ഗണിത നാടകം)<br>• ഗണിത മാഗസിൻ | ഗണിത അധ്യാപകർ |

| Mission | Activities | Month | Academic Focus | | | Non Academic Highlights | ചുമതലകൾ |
|---|---|---|---|---|---|---|---|
| | | | VIII | IX | X | | |
| ഗണിതമത്സവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | • ഗണിതമേളയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നു | ഒക്ടോബർ | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിത മേള<br>• Maths Puzzle day | ഗണിത അദ്ധ്യാപകർ |
| ദിനാചരണങ്ങളുടെ ആവശ്യകതയും പ്രാധാന്യവും ബോധ്യപ്പെടുത്തൽ | ഗണിതപരമായ നേട്ടങ്ങളെക്കുറിച്ച് മനസിലാക്കാൻ ഉതകുന്ന പരിപാടി നടത്തുന്നു. | നവംബർ | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • 'O' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം.<br>• Nov. 4 ശകുന്തള ദേവി ◌<br>• Poster നിർമ്മാണം | ഗണിത അദ്ധ്യാപകർ |

| Mission | Activities | Month | Academic Focus | | | Non Academic Highlights | ചുമതലകൾ |
|---|---|---|---|---|---|---|---|
| | | | VIII | IX | X | | |
| * അർദ്ധ വാർഷിക പരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>* ദിനാചരണ പ്രാധാന്യം മനസിലാക്കൽ | * ഡിവിഷൻ ചോദ്യങ്ങൾ തയ്യാറാക്കുന്നു.<br>* ദിനാചരണ പ്രവർത്തനം | ഡിസംബർ | Vol II പാഠ ഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃദ്ധ ഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠ ഭാഗങ്ങൾ, പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22)<br>• പോസ്റ്റർ നിർമ്മാണം | ഗണിത അദ്ധ്യാപകർ |
| * അർദ്ധ വാർഷിക പരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക | | ജനുവരി | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധന | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | | ഗണിത അദ്ധ്യാപകർ |

| Mission | Activities | Month | Academic Focus | | | Non Academic High lights | ചുമതലകൾ |
|---|---|---|---|---|---|---|---|
| | | | VIII | IX | X | | |
| കുട്ടികളുടെ പഠന പുരോഗതി മെച്ചപ്പെടുത്തൽ | • Post test ലൂടെ കുട്ടികളുടെ പഠന പുരോഗതി രേഖപ്പെടുത്തൽ | ഫെബ്രുവരി | Vol II പാഠ ഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & ഡിവിഷൻ | അനുപാതം, സ്ഥിതി വിവര കണക്ക്, ക്ലാസ് ടെസ്റ്റ്, റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം | ഗണിത അധ്യാപകർ |
| - | - | മാർച്ച് | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | | |